(സി) മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച പദ്ധതികളിൽ ഈ സാമ്പത്തിക വർഷം ഇതുവരെ താഴെപ്പറയും പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പദ്ധതി	ലഭിച്ച തുക
1	ഓപ്പറേഷൻ റിന്റർപെസ്റ്റ് (100%)	20 ലക്ഷം
2	മൃഗസംരക്ഷണ സ്ഥിതി വിവരങ്ങളും സാമ്പിൾ സർവ്വേയും (50%)	30 ലക്ഷം
3	കന്നുകാലിരോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (75%)	251.03 ലക്ഷം
4	കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾക്കുള്ള ധനസഹായം (80%)	34 ലക്ഷം.
5	ഗ്രാമീണപിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി	164 ലക്ഷം
	ആകെ	499.03 ലക്ഷം

കന്നുകാലി സമ്പത്ത്

8 (*608) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് ഓരോ വർഷവും ഗണ്യമായി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ മേഖലയിൽ ഇപ്രകാരം കുറവുണ്ടാകാൻ എന്താണ് കാരണം ; വിശദാംശങ്ങൾ നൽകുമോ ;

(സി) കേരളത്തിലെ കന്നുകാലി സമ്പത്തിൽ വന്നിട്ടുള്ള കുറവ് 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കന്നുകാലി വികസന മേഖല നൽകുന്ന സംഭാവന എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയുടെ വികസനം ത്വരിതഗതിയിലുള്ള വികസനം സാധ്യമാക്കുന്നതിനും സർക്കാർ നടപ്പുവർഷം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2010-11 സാമ്പത്തിക വർഷം ആയതിലേക്ക് എത്ര തുക വകയിരുത്തി ; വിശദാംശങ്ങൾ നൽകുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഏതാനും വർഷം മുമ്പുവരെ സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് ഗണ്യമായി കുറഞ്ഞുവന്നിരുന്നു. എന്നാൽ ഇപ്പോൾ ഈ സ്ഥിതിവിശേഷത്തിന് മാറ്റം സംഭവിച്ചിട്ടുണ്ട്.

(ബി) കന്നുകാലി സമ്പത്ത് കുറഞ്ഞുവരുന്നതിന് ഉള്ള കാരണങ്ങൾ താഴെ പറയുന്നവയാണ് :

1. കന്നുകാലി ഉത്പാദനസ്രോതസ്സുകളിൽ സംഭവിച്ച കുറവ്.
2. വർദ്ധിച്ച ഉത്പാദനച്ചെലവ്.
3. കൂടുതൽ ലാഭകരമായ മറ്റ് കാർഷിക പ്രവർത്തനങ്ങളിലേക്ക് കർഷകർ തിരിഞ്ഞത്.
4. ഉല്പാദനച്ചെലവിന് അനുസൃതമായി പാലിന് വില ലഭിക്കാതെ പോയത്.
5. ജനങ്ങളുടെ സംസ്കാര രീതികളിൽ വന്ന മാറ്റം.

(സി) 2006-2007 മുതൽ മൊത്തം കാലി സമ്പത്തിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്.

(ഡി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ മൃഗസംരക്ഷണ മേഖലയുടെ സംഭാവന ഗണ്യമായ തോതിലാണ്. സൂക്ഷ്മമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) കന്നുകാലി പ്രജനനപദ്ധതി, വെറ്ററിനറി സേവനം, ഭക്ഷ്യസുരക്ഷാ പദ്ധതി, കാർഷികക്ഷേമ പദ്ധതികൾ, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, എം.എസ്.ഡി.പി. കാലിത്തീറ്റ സബ്സിഡി.

(എഫ്) 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനായി മൃഗസംരക്ഷണ വകുപ്പിന് പദ്ധതിയിനത്തിൽ 110.77 കോടി രൂപയും ക്ഷീരവികസന വകുപ്പിന് 1350 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

I മൃഗസംരക്ഷണവകുപ്പ്

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനവും-മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ - 1700 ലക്ഷം രൂപ
2. കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി (100% കേന്ദ്രസഹായം)- 100 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് - 220 ലക്ഷം രൂപ

4. ഓപ്പറേഷൻ റിന്റർപെസ്റ്റ് (100% കേന്ദ്ര സഹായം) -50 ലക്ഷം

5. എൻ.ഡി.ഡി.ബി. സഹായത്തോടെയുള്ള രോഗ വിമുക്തമേഖലാ പ്രോജക്ടുകൾക്കുള്ള കോർപ്പസ് ഫണ്ടിലേക്കുള്ള സംസ്ഥാന വിഹിതം - 200 ലക്ഷം രൂപ.

6. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (75% കേന്ദ്രാവിഷ്കൃതം) - 200 ലക്ഷം രൂപ.

7. ഊർജ്ജിത കന്നുകാലി വികസനം - 556 ലക്ഷം രൂപ

8. കന്നുകാലി വളർത്തൽ കേന്ദ്രം -100 ലക്ഷം രൂപ

9. താറാവ്/കാട വളർത്തലും ഉല്പാദനവും - (വിഹിതം 10 ലക്ഷം രൂപ) - 30 ലക്ഷം രൂപ.

10. കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴി ഉൽപ്പാദനവികസനവും - 75 ലക്ഷം രൂപ

11. കോഴി-താറാവ് വളർത്തൽ കേന്ദ്രങ്ങൾ (80% കേന്ദ്രാവിഷ്കൃതം) - 50 ലക്ഷം രൂപ

12. ആടുവളർത്തൽ കേന്ദ്രങ്ങളുടെ വികസനം - 30 ലക്ഷം രൂപ

13. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി - 50 ലക്ഷം രൂപ.

14. ദേശീയ തീറ്റപ്പുൽവികസന പദ്ധതി (75% കേന്ദ്രാവിഷ്കൃതം) - 4 ലക്ഷം രൂപ

15. വികസനവും പരിശീലനവും - 495 ലക്ഷം രൂപ

16. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും - 50% കേന്ദ്രസഹായം - 100 ലക്ഷം രൂപ.

17. കന്നുകാലി സെൻസസ് - 100% കേന്ദ്ര സഹായം - 30 ലക്ഷം രൂപ

18. വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും - 25 ലക്ഷം രൂപ

19. കേരള സംസ്ഥാന പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം - 190 ലക്ഷം രൂപ

20. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സാമ്പത്തിക സഹായം - 100 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

21. സംസ്ഥാന വെറ്ററിനറി കൗൺസിൽ - 50% കേന്ദ്രസഹായം - 30 ലക്ഷം രൂപ

22. പൗൾട്രി വകസനം - കെ.എസ്.പി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ - 200 ലക്ഷം രൂപ

23. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം - 500 ലക്ഷം രൂപ

24. പ്രത്യേക കന്നുകാലി വികസന പദ്ധതി - 1200 ലക്ഷം രൂപ

25. ഗവേഷണ വികസനം - 30 ലക്ഷം രൂപ

26. മുയൽ പ്രജനനം - 7 ലക്ഷം രൂപ.

27. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം (100% കേന്ദ്രസഹായം) - 5 ലക്ഷം രൂപ

28. സംഭരണമൂല്യനിധി - 25 ലക്ഷം രൂപ

29. ഭക്ഷ്യസുരക്ഷാപദ്ധതിയിൻകീഴിൽ മുട്ടയും പാലും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി - 3300 ലക്ഷം രൂപ.

30. കന്നുകാലി ഇൻഷ്വറൻസ് - 500 ലക്ഷം രൂപ

31. കേരള കാർഷിക സർവകലാശാലയ്ക്ക് സഹായം - 100 ലക്ഷം രൂപ

32. മൃഗചികിത്സാ സേവനവും മൃഗാരോഗ്യവും - 600 ലക്ഷം രൂപ

33. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് - 30 ലക്ഷം രൂപ

34. കന്നുകാലി എരുമ സംവർദ്ധന - 20 ലക്ഷം രൂപ

35. കോഴി വളർത്തൽ വികസനം - 30 ലക്ഷം രൂപ

36. താറാവ് ഉല്പാദനം/കാട വികസനം - 20 ലക്ഷം രൂപ

37. വികസനവും പരിശീലനവും - 175 ലക്ഷം രൂപ

II ക്ഷീരവികസന വകുപ്പ്	തുക ലക്ഷത്തിൽ
1. തീറ്റപ്പുൽ കൃഷി വികസന പദ്ധതി	300
2. എം.എസ്.ഡി.പി.	600
3. കാലിത്തീറ്റ സബ്സിഡി	450

LIBRARY ARCHIVES Kerala Legislative Assembly